**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 295** **07-10-2024 - ൽ മറുപടിയ്ക്ക്**

**പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്താൻ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>സംസ്ഥാനത്ത് പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>• ഇ-പോസ് മെഷീൻ ഉപയോഗിച്ച് ആധാ അധിഷ്ഠിത ബയോമെട്രിക് സംവിധാനത്തിലൂടെയുള്ള റേഷൻവിതരണം.<br>• മുൻഗണനാപട്ടിക ശുദ്ധീകരിച്ച് അനർഹ കൈവശം വച്ചിരിക്കുന്ന മുൻഗണനാകാർഡുകൾ പിടിച്ചെടുക്കാൻ ഓപ്പറേഷൻ യെല്ലോ പദ്ധതി<br>• ഗോത്രവർഗ്ഗ മേഖലകളിലേക്ക് റേഷൻസാധനങ്ങൾ എത്തിക്കുന്നതിന് സഞ്ചരിക്കുന്ന റേഷൻകടകൾ<br>• റേഷൻകടകളെ ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനും കൂടുതൽ പൊതുജനോപകാരപ്രദമായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായുള്ള കെ-സ്റ്റോർ പദ്ധതി<br>• അതിദരിദ്രരെ കണ്ടെത്തി റേഷൻകാർ വിതരണം ചെയ്യുന്ന പദ്ധതി<br>• തെരുവോരത്ത് കഴിയുന്നവർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങൾക്ക് റേഷൻ കാർഡുകൾ അനുവദിക്കുന്നത് |

| | | | |
|---|---|---|---|
| | | | • വിശപ്പുരഹിത കേരളം പദ്ധതിയുടെ ഭാഗമായി, 20 രൂപ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്ന സുഭിക്ഷ ഹോട്ടലുകൾ<br>• കിടപ്പുരോഗികൾക്ക് ഓട്ടോ തൊഴിലാളികളുടെ സഹായത്തോടെ സൗജന്യമായി റേഷൻ വീട്ടിലെത്തിച്ചു നൽകുന്ന ഒപ്പം പദ്ധതി<br>• വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വഴി കെ-റൈസ് വിതരണ<br>• 100% റേഷൻ ഗുണഭോക്താക്കളെയും ആധാറുമായി ബന്ധിപ്പിച്ചത്<br>• ഇതര സംസ്ഥാനക്കാരായ തൊഴിലാളികൾക്ക് കേരളത്തിലെ റേഷൻകടകളിൽ നിന്ന് ഭക്ഷ്യധാന്യ വിഹിതം വാങ്ങാൻ റേഷൻ റൈറ്റ്സ് കാർഡ്<br>• റേഷൻകട വഴി പത്തുരൂപയ്ക്ക് കുപ്പി വെള്ള ലഭ്യമാക്കുന്ന സുജലം പദ്ധതി<br>• പോഷകാഹാരക്കുറവ് പരിഹരിക്കുന്ന തിനായി മുൻഗണനാ വിഭാഗങ്ങൾക്കുള്ള റാഗിപ്പൊടി വിതരണം<br>• മുൻഗണനേതര സ്ഥാപനം (NPI) വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻകാർഡ അനുവദിച്ച് ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികളെ ഭക്ഷ്യ സുരക്ഷയുടെ പരിധിയിൽ കൊണ്ടു വന്നു.<br>• റേഷൻ കാർഡുകളിലെ തെറ്റുകൾ തിരുത്തുന്നതിനുള്ള തെളിമ പദ്ധതി<br>• എ.ടി.എം രൂപത്തിലുള്ള പി.വി.സി റേഷൻ കാർഡ് വിതരണം<br>• പൊതുജനങ്ങൾക്കിടയിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി അയൺ, ഫോളിക് ആസിഡ്, വിറ്റാമിൻ ബി 12 എന്നിവ കൊണ്ട് സമ്പുഷ്ടീകരിച്ച അരി വിതരണം (Rice Fortification) |
| (ബി) | വിലക്കയറ്റം തടഞ്ഞു നിർത്തുന്നതിന് എന്തെല്ലാം പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സംസ്ഥാനത്തെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം സംബന്ധിച്ച വിവരം അവലോകനം ചെയ്യുന്നതിനായി ബഹു. ചീഫ് സെക്രട്ടറി അധ്യക്ഷനായി സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചു. അതുപ്രകാരം അതാത് ജില്ല കളക്ടർ, ഭക്ഷ്യ, കൃഷി വകുപ്പുകളിലെ ജില്ലാതല ഉദ്യോഗസ്ഥർ എന്നിവർ യോഗം ചേർന്ന് ഭക്ഷ്യപൊതു വിതരണ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിക്കുകയും ഭക്ഷ്യ പൊതു വിതരണ |

കമ്മീഷണർ പ്രസ്തുത റിപ്പോർട്ടിൽ ശുപാർശകൾ സഹിതം തുടർ നടപടികൾ സ്വീകരിക്കുന്നതിനായി ഉന്നതതല കമ്മിറ്റിയ്ക്ക് സമർപ്പിക്കുകയും ചെയ്യുന്നുണ്ട്.

ജില്ലാകളക്ടർമാരുടെ നേതൃത്വത്തിൽ സ്പെഷ്യൽ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. ഭക്ഷ്യ, ലീഗൽ മെട്രോളജി, ഭക്ഷ്യ സുരക്ഷാ, റവന്യൂ വകുപ്പുകൾ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ പൊതുവിപണികളിൽ പരിശോധന നടത്തിവരുന്നു.

അവശ്യവസ്തുക്കളുടെ വിലയുടെ നിരീക്ഷണത്തിനും, ശേഖരണത്തിനും വേണ്ടി കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ 'Price Monitoring Cell' പ്രവർത്തിക്കുന്നുണ്ട്. 14 ജില്ലകളിൽ നിന്നും വിലകൾ ശേഖരിച്ച് PMS ആപ്പിൽ upload ചെയ്തു വരുന്നു.

സർക്കാരിന്റെ വിപണിയിടപെടലുമായി ബന്ധപ്പെട്ട നയരൂപീകരണത്തിൽ സഹായിക്കുന്നതിനു വേണ്ടി സംസ്ഥാന തലത്തിൽ 'Centre for Price Research Kerala' രൂപീകരിച്ചിട്ടുണ്ട്. സപ്ലൈകോ വഴി വിതരണം ചെയ്യുന്ന 13 അവശ്യസാധനങ്ങളുടെ വിലകൾ പൊതുവിപണിയിൽ നിന്നും ശേഖരിച്ച് താരതമ്യം ചെയ്ത് റിപ്പോർട്ട് സിവിൽ സപ്ലൈസ് കമ്മീഷണർ അംഗീകരിച്ച് സർക്കാരിലേയ്ക്കും, പ്ലാനിംഗ് ബോർഡിലേയ്ക്കും, സപ്ലൈകോയിലേയ്ക്കും സാമ്പത്തിക സ്ഥിതി വിവരകണക്ക് വകുപ്പിലേയ്ക്കും നല്കിവരുന്നു.

ഓണക്കാലത്ത് ബഹു ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ, റവന്യൂ, പോലീസ്, ഭക്ഷ്യസുരക്ഷാ, ലീഗൽ മെട്രോളജി എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ജില്ല /താലൂക്ക് തല സ്ക്വാഡ് രൂപീകരിച്ച് പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

ഓണക്കാലത്ത് എല്ലാ AAY കാർഡുടമകൾക്കും, പെർമിറ്റ് ഉള്ള ക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്ക് 4 പേർക്ക് 1 കിറ്റ് എന്ന നിരക്കിലും, വയനാട്ടിലെ ദുരന്തബാധിത മേഖലയിലെ എല്ലാ കാർഡുടമകൾക്കും, സൗജന്യ ഭക്ഷ്യകിറ്റ് വിതരണം നടത്തിയിട്ടുണ്ട്. ഓണത്തിന് മുൻഗണനേതര കാർഡുടമകൾക്ക് 10 കി.ഗ്രാം സ്പെഷ്യൽ അരി അധികമായി നൽകിയിട്ടുണ്ട്.

സംസ്ഥാന സർക്കാരിന്റെ സഹായത്തോടു കൂടി സപ്ലൈകോ നടത്തി വരുന്ന വിപണി ഇടപെടൽ മൂലം 13 അവശ്യസാധനങ്ങൾ സപ്ലൈകോ ഔട്ട്.ലെറ്റുകൾ (മാവേലിസ്റ്റോർ സൂപ്പർ മാർക്കറ്റ്, ഹൈപ്പർ മാർക്കറ്റ്) വഴി സബ്സിഡി നൽകി വിതരണം നടത്തി വരുന്നുണ്ട്. ഓണക്കാലത്ത് ഓണചന്തകൾ വഴി ആവശ്യ

| | | | |
|---|---|---|---|
| | | | സാധനങ്ങൾ വിതരണം ചെയ്യു വിപണി വില പിടിച്ചു നിർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ